LIBRARY ARCHIVES Kerala Legislative Assembly

സി.എൻ.ജി. ബസ്സുകൾ

219(1204) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എൻ.ജി. ബസ്സുകൾ നിരത്തിലിറക്കുന്നതിന് തുക അനുവദിച്ച് ഭരണാനുമതി നൽകിയിട്ടുണ്ടോ?

കിഫ്ബിയിൽനിന്നും 259 കോടി രൂപയുടെ വായ്പ ലഭ്യമാക്കി, പുതിയ 310 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് സ.ഉ. (സാധാ) നമ്പർ 346/2020/ഗതാ. തീയതി 22.10.2020 ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ബസ്സുകൾ വാങ്ങുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

(ബി) എങ്കിൽ ആയതിന്റെ തുടർ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

കിഫ്ബിയിൽനിന്നും 259 കോടി രൂപയുടെ വായ്പ ലഭ്യമാക്കി, പുതിയ 310 സി.എൻ.ജി. ബസ്സുകൾ വാങ്ങുന്നതിന് സ.ഉ. (സാധാ) നമ്പർ 346/2020/ഗതാ, 22-10-2020-ലെ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ബസ്സുകൾ വാങ്ങുന്നതിന് ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

വാഹനങ്ങളുടെ അമിതവേഗത കണ്ടെത്തുന്നതിന് ക്യാമറ സംവിധാനം

220(1205) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളുടെ അമിതവേഗത കണ്ടെത്തുന്നതിന് ക്യാമറ സ്ഥാപിക്കുമ്പോൾ സർക്കാർ വകുപ്പുകൾ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കണമെന്ന് വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ?

നിരത്തുകളിലെ പരമാവധി വേഗത നിജപ്പെടുത്തിയിട്ടുണ്ടെങ്കിലും റോഡുകളിലെ അപകട സാദ്ധ്യത, തിരക്ക്, ശോച്യാവസ്ഥ തുടങ്ങിയ കാരണങ്ങളാൽ വേഗപരിധി അത്തരം സ്ഥലങ്ങളിൽ നിശ്ചയിക്കപ്പെടാറുണ്ട്. വേഗത നിയന്ത്രണമുള്ള റോഡുകളിൽ നിയന്ത്രിത സ്പീഡ് കാണിക്കുന്ന ബോർഡുകൾ പൊതുമരാമത്ത് വകുപ്പ് സ്ഥാപിക്കാറുണ്ട്. എല്ലാ ആർ.ടി.ഒ.-മാർക്കും പൊതുമരാമത്ത് വകുപ്പിന്റെ സഹകരണത്തോടെ വേഗ നിയന്ത്രണ/പരിധി ബോർഡുകൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) റോഡുകളിൽ നിശ്ചിത വേഗത മറികടന്ന് യാത്ര ചെയ്യുന്ന വാഹനങ്ങൾക്ക് പിഴ ചുമത്തുമ്പോൾ വേഗത കൂട്ടുന്നതിനനുസരിച്ച് പിഴ സംഖ്യയിൽ വർദ്ധനവ് വരുത്തുകയെന്ന വ്യവസ്ഥ കൊണ്ടുവരാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

വേഗപരിധി ലംഘനത്തിന് ലൈറ്റ് മോട്ടോർ വാഹനങ്ങൾക്ക് 1,500 രൂപയും മീഡിയം, ഹെവി വാഹനങ്ങൾക്ക് 3,000 രൂപയും ആണ് നിലവിൽ പിഴ ഈടാക്കുന്നത്. വേഗത കൂട്ടുന്നതിനനുസരിച്ച് പിഴ സംഖ്യയിൽ വർദ്ധനവ് വരുത്തുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

ടാങ്കർ ലോറി അപകടങ്ങൾ

221(1206) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടാങ്കർ ലോറി അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ അപകടം കുറയ്ക്കുന്നതിന് ഗതാഗത വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

20-2-2020-ൽ തമിഴ്നാട്ടിലെ അവിനാശിയിൽ ഉണ്ടായ വാഹന അപകടത്തിന്റെ പശ്ചാത്തലത്തിൽ വിളിച്ചുചേർത്ത കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ യോഗം, തൊഴിൽ വകുപ്പിന്റെ നേതൃത്വത്തിൽ ലേബർ കമ്മീഷണർ, കൺവീനറായും റോഡ് സുരക്ഷാ കമ്മീഷണർ, ഗതാഗത കമ്മീഷണർ എന്നിവർ അംഗങ്ങളായും കമ്മിറ്റി രൂപീകരിക്കുന്നതിന് ശിപാർശ ചെയ്ത പ്രകാരം സ.ഉ.(സാധാ) നമ്പർ 170/2020/ഗതാ, 29-5-2020-ലെ ഉത്തരവ് പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി താഴെ പറയുന്ന വിഷയങ്ങൾ പരിഗണിച്ച് സർക്കാരിലേയ്ക്ക് ശിപാർശ നൽകുന്നതാണ്.

1. ദീർഘദൂര വാഹന ഡ്രൈവർമാരുടെ, പ്രത്യേകിച്ചും ടാങ്കുകളുടെയും കണ്ടെയ്നർ ലോറികളുടെയും ജോലി സമയം നിജപ്പെടുത്തൽ.
2. ഡ്രൈവർമാരുടെ വിശ്രമം, തൊഴിൽ സാഹചര്യം എന്നിവ സംബന്ധിച്ച വിഷയങ്ങൾ.
3. രാത്രികാല ഡ്രൈവിംഗ് സംബന്ധിച്ച വിഷയങ്ങൾ.
4. ഇത്തരം അപകടങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി സ്വീകരിക്കേണ്ടുന്ന കാര്യങ്ങളും ഏർപ്പെടുത്തേണ്ടുന്നതായ മറ്റു നിയന്ത്രണങ്ങളും.